# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈവളികെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/870/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 20/12/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈവളികെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-5/870/2023 തീയ്യതി: 20/12/2023

## കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2023 | 02-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗോപാലകൃഷ്ണ നായിക്ക് പി,ഓഡിറ്റ് ഓഫീസർ

ശ്രീ.ജയാനന്ദ എച്ച്,ഓഡിറ്റ് ഓഫീസർ

ശ്രീ.ജെന്ന കുര്യാക്കോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജനാർദ്ദനൻ സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അരുൺദേവ് വി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജയന്തി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാലനാരായണൻ കെ ബി | സെക്രട്ടറി | 11-04-2022 | 31-03-2023 |
| ശ്രീ.നാരായണ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 10-04-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നാരായണ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-10-2022 |
| ശ്രീ.സജി വർഗീസ് | അസിസ്റ്റന്റ് സെക്രട്ടറി | 23-10-2022 | 31-03-2023 |
| ശ്രീ.ശ്രീജിത് പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-08-2022 |
| ശ്രീ.അലൻ ഓസ്റ്റിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 31-03-2023 |
| ശ്രീമതി.അഞ്ജന അജയകുമാർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്റ്റെഫി രാജൻ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ കരീം പി കെ(മരണപ്പെട്ടു)) | പ്രധാനാധ്യാപകൻ | 01-04-2022 | 31-03-2023 |
| ഡോ.ശരത് എസ് | വെറ്റിനറി സർജൻ | 01-04-2022 | 11-04-2022 |
| ഡോ.ചാന്ദിനി കെ വി | വെറ്റിനറി സർജൻ | 12-04-2022 | 17-06-2022 |
| ഡോ.ഹഫ്സത്ത് പി കെ | വെറ്റിനറി സർജൻ | 18-06-2022 | 04-09-2022 |
| ഡോ.പ്രവീൺ എസ് | വെറ്റിനറി സർജൻ | 05-09-2022 | 31-03-2023 |
| ഡോ.മുരളീധര കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 04-05-2022 |
| ഡോ.ഗൗതം ആർ ബി | മെഡിക്കൽ ഓഫീസർ അലോപ്പതി | 05-05-2022 | 31-03-2023 |
| ഡോ.മുഹമ്മദ് ഇംതീയാസ് പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 29-05-2022 |
| ഡോ.ദിവ്യ എം യോഹന്നാൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 30-05-2022 | 16-03-2023 |
| ഡോ.സീതാരത്ത എം | മെഡിക്കൽ ഓഫീസർ | 17-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |
| ശ്രീ.അതുൽ ടി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സോഫിയ എസ് എസ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ഹെന്ന Z A | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.ശൈലേഷ് എൻ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പൈവളിഗെ ,ചേവാർ സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം | 1-1-1 |
| 3 | ലൈഫ് വായ്പാ കണക്ക്- ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല- | 1-1-2 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പദ്ധതി ചെലവ് ACR ലും സുലേഖ പത്രികയിലും ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | പദ്ധതി ചെലവ് ACR ൽ ഉൾപ്പെട്ടെങ്കിലും സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ദുരിതാശ്വാസ നിധി - വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് | 1-1-5 |
| 7 | ഗുണഭോക്തൃവിഹിതം-സുലേഖ പത്രികയിലെ ചെലവ് പൂർണ്ണമല്ല | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി - AFS ലെ ആകെ ചെലവിൽ, ഭരണചെലവ് ഇരട്ടിയായി ചേർത്തിരിക്കുന്നു | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ AFS ൽ ചേർത്തിട്ടില്ല | 1-1-8 |
| 10 | രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-1-9 |
| 11 | ആസ്തി ബാധ്യതകൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക് | 1-1-11 |
| 13 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 21 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-10 |
| 24 | ടേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ് | 1-11 |
| 25 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 26 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം | 1-13 |

| | | |
|---|---|---|
| 27 | തനത് വരുമാനം- അവലോകനം | 1-14 |
| 28 | ഇ ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. | 1-15 |
| 29 | പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-16 |
| 30 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ -രേഖകൾ ഹാജരാക്കിട്ടില്ല. | 1-17 |
| 31 | സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം- വിനിയോഗ രേഖകൾ ലഭ്യമാക്കിട്ടില്ല. | 1-18 |
| 32 | മുൻകൂർ തുക നൽകിയിട്ടും മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമാക്കിട്ടില്ല. | 1-19 |
| 33 | ആയുർവേദ ഡിസ്പെൻസറി സ്റ്റോർ റൂം നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-20 |
| 34 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-21 |
| 35 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-22 |
| 36 | ഡി.പി.സി കെട്ടിടത്തിന് വിഹിതം നൽകൽ പദ്ധതി | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദവിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 01.08.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൈവളികെ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
20.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ച് നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2023 മാർച്ച് 31 ന് മാത്രമാണ്.

1-1-2 ലൈഫ് വായ്പാ കണക്ക്- ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല-

| | മുന്നിരിപ്പ് | വരവ് | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| AFS | 1,55,56,625 | 20,20,000 | 36,14,269 | 1,39,62,356 |
| വായ്പ രജിസ്റ്റർ | 1,53,96,625 | 20,20,000 | 36,14,269 | 1,38,02,356 |

മുന്നിരിപ്പിൽ/നീക്കിയിരിപ്പിൽ 1,60,000 രൂപയുടെ വ്യത്യാസമുണ്ട്.

1-1-3 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - പദ്ധതി ചെലവ് ACR ലും സുലേഖ പത്രികയിലും ഉൾപ്പെട്ടിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് – യഥാർത്ഥ ചെലവ് (അക്കൗണ്ട് വഴി) – 91,42,070
എ സി ആർ പ്രകാരമുള്ള ചെലവ് – 88,92,816

വ്യത്യാസം – 2,49,254 (എ സി ആർ -ലേതിനേക്കാൾ അധികം)

Pro.No:313/23 ഗാളിയടുക്ക AKGനഗർ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട 3,46,472 രൂപയുടെ ചെലവ് എ സി ആറിലും സുലേഖയിലും ഇല്ല. അതായത് 97,218 രൂപയുടെ (3,46,472-2,49,254) ചെലവ് അധികം. ഇത് വിവിധ ഡിഡക്ഷനുകളും റിക്കവറികളുമായി 31.03.22 ൽ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന 24,274 രൂപയുടെ അടവും, വിവിധ ഡിഡക്ഷനുകളും റിക്കവറി കളുമായി 31.03.23 ൽ അക്കൗണ്ടിൽ ബാക്കിയുള്ള 1,21,492 രൂപയുടെയും വ്യത്യാസമാണ് (1,21,492-24,274).

1-1-4 പദ്ധതി ചെലവ് ACR ൽ ഉൾപ്പെട്ടെങ്കിലും സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - സുലേഖ പത്രിക പ്രകാരമുള്ള ചെലവ് – 88,87,816
എ സി ആർ പ്രകാരമുള്ള ചെലവ് – 88,92,816

വ്യത്യാസം – 5,000

Pro.No:47 കല്ലഗഡ്ഡ-തൽതാജെ റോഡ് ടാറിങ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട 5,000 രൂപയുടെ ചെലവ് എ സി ആർ -ൽ ചേർത്തെങ്കിലും സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

1-1-5 ദുരിതാശ്വാസ നിധി - വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ്

ബാലൻസ് ഷീറ്റ് B 2 പത്രിക പ്രകാരം ദുരിതാശ്വാസ നിധിയിലെ 31.03.2023ലെ നീക്കിയിരിപ്പ് 40,043 രൂപയാണ്. എന്നാൽ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലെ 31.03.2023ലെ നീക്കിയിരിപ്പ് 28,821 രൂപയാണ്.

### 1-1-6 ഗുണഭോക്തൃവിഹിതം-സുലേഖ പത്രികയിലെ ചെലവ് പൂർണ്ണമല്ല

സുലേഖ പത്രിക പ്രകാരം ഗുണഭോക്തൃവിഹിതത്തിന്റെ ചെലവ് 2,64,925 രൂപയാണ് . എന്നാൽ തൻ വർഷത്തെ ചെലവ് 2,31,625 രൂപയാണ്. കൃഷി ഓഫീസർ നിർവഹണം ചെയ്ത പോട്ടിങ് മിശ്രിതം നിറച്ച മൺചട്ടി വിതരണം (പ.നം. 132/23) എന്ന പദ്ധതി പ്രകാരം പിരിച്ച 33,300 രൂപ അടുത്ത വർഷമാണ് ചെലവഴിച്ചിട്ടുള്ളത്.

### 1-1-7 തൊഴിലുറപ്പ് പദ്ധതി - AFS ലെ ആകെ ചെലവിൽ, ഭരണചെലവ് ഇരട്ടിയായി ചേർത്തിരിക്കുന്നു

ഭരണചെലവിനത്തിൽ 4,55,195 രൂപയും, എഫ്.റ്റി.ഒ. ഇനത്തിലെ 3,48,19,993 രൂപയും ഉൾപ്പടെ തൊഴിലുറപ്പ് പദ്ധതിയിലെ ആകെ ചെലവ് 3,52,75,188 രൂപയാണ്. എന്നാൽ I-6 പത്രികയിൽ ഇത് 3,57,30,383 രൂപയാണ്. വ്യത്യാസം 4,55,195 രൂപ. അതായത് ഭരണ ചെലവ് ഇരട്ടിയായി രേഖപ്പെടുത്തിയിരിക്കുന്നു

### 1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ AFS ൽ ചേർത്തിട്ടില്ല

തൻവർഷം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച (പ്രോ.നം.28-അട്ടഗോളി ശ്മശാനത്തിലേക്ക് വൈദ്യുതലൈൻ എക്സ്റ്റൻഷൻ (1,50,000), പ്രോ.നം.300-കൊമ്മങ്കള കൊറത്തിപ്പാറ കുടിവെള്ള പദ്ധതിക്ക വേണ്ടി ത്രീഫേസ് ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ (1,79,029). പ്രോ.നം.103-പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ ലെയിൻ (തെരുവ് വിളക്കുകൾക്കായുള്ള പ്രത്യേക ലെയിൻ) സ്ഥാപിക്കൽ (29,79,666), പ്രോ.നം.282-ബോളങ്കള എം സി എഫിലേക്ക് ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ (1,07,423)), അനർട്ടിൽ നിക്ഷേപിച്ച (പ്രോ.നം.171-പഞ്ചായത്ത് ഓഫീസിൽ 10കെവി ഓൺലൈൻ ഗ്രിഡ് സോളാർ സിസ്റ്റം സ്ഥാപിക്കൽ (12,89,068) തുകയും B 18 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

2) അഡ്വാൻസ് രജിസ്റ്റർ / ഡെപ്പോസിറ്റ് രജിസ്റ്റർ

1) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B 7 പ്രകാരം 2,35,154 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയുണ്ട്. ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) 31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B 18 പ്രകാരം 29,19,350 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. അഡ്വാൻസിന്റെ വിശദ വിവരങ്ങൾ (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ആസ്തി ബാധ്യതകൾ സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

എ) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. (പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ )

312100201- Capital Contribution From Development Fund General- 3,66,277

312100203- Capital Contribution From Development Fund TSP- 2,03,421

312100204- Capital Contribution From Development Fund CFC Basic Grant- 43,668

312100205- Capital Contribution From Development Fund CFC Performance Grant- 7,62,710

312100211- Capital Contribution From CFC Tied Grant- 13,19,258

312100301- Capital Contribution From Maintenance Fund - Road- 26,58,742

312100302- Capital Contribution From Maintenance Fund – Non Road- 33,15,084

ബി) B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

350300103- Recoveries Payable-Covid- 1,46,400

350200202- Recoveries Payable-VAT- 100

350300112- Refunds And Other Dues Payable- Court Fee Stamp- 1,830

350400501- Refunds Payable Grants And Funds- 17,500

350409901- Refunds Payable – Others- 1000

350800101- Liability In Respect Of Stale Cheques – 10,210

സി) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-11a പ്രകാരം 9,42,15,004 രൂപയുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ, 2022-23 വർഷത്തെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1-1-11 Excess Of Income Over Expenditure ക്യാരി ഓവർ ചെയ്തതിൽ പിശക്

ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 3,70,14,941.80 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2023 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 94,43,241 രൂപയാണ്.

1-1-12 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (1,97,59,527) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-1,55,54,879) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും

തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 4/1 തി. 30.03.2022 | 3/1, 27.03.2023 |
| മുന്നിരിപ്പ് | 17466774 | 47257637 |
| വരവ് | 200613600 | 250690870 |
| ആകെ | 218080374 | 297948507 |
| ചെലവ് | 211094400 | 254232835 |
| നീക്കിയിരിപ്പ് | 6985974 | 43715672 |

## 1-3 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 46229684.20 |
| വരവ് | 78529768.00 |
| ആകെ | 124759452.20 |
| ചെലവ് | 58770241.00 |
| നീക്കിയിരിപ്പ് | 65989211.20 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,34,850/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട്- പൊതുവിഭാഗം | | 0 | 2,49,77,000 | 2,49,77,000 | 2,10,56,769 | | 39,20,231 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 59,94,658 | 59,94,658 | 59,00,974 | | 93,684 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 40,09,267 | 40,09,267 | 40,04,626 | | 4641 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 7,65,414 | 46,48,023 (3,05,023 രൂപ പലിശ ) | 54,13,437 | 41,94,213 | 12,19,224 | |
| | ട്രഷറി | 0 | 48,668 | 48,668 | 48,668 | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 55,16,791 | 65,15,000 | 1,20,31,791 | 31,17,565 | 89,14,226 | |
| | ട്രഷറി | 0 | 41,21,903 | 41,21,903 | 17,81,624 | | 23,40,279 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 1,21,20,000 | 1,21,20,000 | 31,68,540 | | 89,51,460 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 83,95,000 | 83,95,000 | 76,18,636 | | 7,76,364 |
| വിവിധ പെൻഷനുകൾ | 0 | 4,45,36,400 | 4,45,36,400 | 4,45,36,400 | 0 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 2,10,000 | 2,10,000 | 2,10,000 | 0 | |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 7,84,598 | 14,41,160 | 22,25,578 | 14,41,160 | 7,84,598 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 56,118 | 1,89,723 | 2,45,841 | 1,89,723 | 56,118 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| തൊഴിലുറപ്പ് പദ്ധതി | 43 | 3,61,45,175 | 3,61,45,218 | 3,52,75,188 | 8,70,030 | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 8,14,725 | 19,96,728 | 28,11,453 | 10,46,793 | 17,64,660 | |
| ഹെൽത്ത് ഗ്രാന്റ്-conversion Of Rural PHC-Health & Wellness | 0 | 1,62,284 | 1,62,284 | 0 | 1,62,284 | |
| ഹെൽത്ത് ഗ്രാന്റ്-Diagnostic, Infrastructure | 0 | 2,97,043 | 2,97,043 | 1,60,000 | 1,37,043 | |
| IWDP-Hariyali | 1,927 | 0 | 1,927 | 0 | 1,927 | |
| SSA | 40,585 | 0 | 40,585 | 0 | 40,585 | |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 1,50,000 | 0 | 1,50,000 | 0 | 1,50,000 | |
| ARWSS | 5,506 | 0 | 5,506 | 0 | 5,506 | |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1,00,000 | 8,04,530 | 9,04,530 | 9,00,000 | 4,530 | |
| ശുചിത്വ മിഷൻ | 21,48,946 | 2,38,897 | 23,87,843 | 2,80,777 | 21,07,066 | |
| വിമുക്തി | 13,970 | 0 | 13,970 | 0 | 13,970 | |
| കേരളോത്സവം | 4,851 | 0 | 4,851 | 4,851 | 0 | |
| ജലനിധി | 2,80,444 | 18,03,025 | 20,83,469 | 20,667 | 20,62,802 | |
| ഗുണഭോക്തൃ വിഹിതം | 2,30,520 | 1,08,329 | 3,38,849 | 2,31,625 | 1,07,224 | |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 40,47,719/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 4,24,944/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 6,74,606/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 3,05,023 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ചെലവു കണക്കിലെ അപാകതകൾ (ഖ 1-1-3,1-1-4 കാണുക)

6) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,71,57,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ വകയിൽ ജനറൽ പർപ്പസ് ട്രഷറി അക്കൗണ്ടിലേക്ക് 2,36,13,975 രൂപ തിരികെ ലഭിക്കാനുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് (-75,814/-) രൂപയാണ്.

7) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവിൽ 3,48,19,993 രൂപ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുകയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 14,41,80,261 | 156 | 6,53,14,978 | 85 | 90 | 63.41 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 44 | 25194110 | 30 | 15111089 | 59.98 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1689194 | 7 | 1679183 | 99.41 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 132 | 64236880 | 64 | 17895062 | 27.86 |
| 4 | കൃഷി ഓഫീസർ | 17 | 6363067 | 17 | 3757603 | 59.05 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 29118000 | 15 | 13126280 | 45.08 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 9172986 | 7 | 6856391 | 74.75 |
| 7 | വെറ്ററിനറി സർജൻ | 4 | 691200 | 4 | 677999 | 98.09 |
| 8 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 300000 | 1 | 300000 | 100 |
| 9 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10 | 5154824 | 6 | 4033621 | 78.25 |
| 10 | മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| 11 | പ്രധാനാധ്യാപകൻ | 04 | 1000000 | 3 | 877750 | 87.78 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 700000 | 1 | 700000 | 100 |
| 13 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 260000 | 0 | 0 | -- |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 246 | 144180261 | 156 | 65314978 | 45.30 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 43 | 1325182 | 1325225 | 455195 | 870030 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 34819993 | 34819993 | 34819993 | 0 |
| ആകെ | 43 | 36145175 | 36145218 | 35275188 | 870030 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 619 പദ്ധതികളുൾപ്പെടുന്ന 110020780/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 323 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 88677 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 283 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1275000 | 135 |
| വിധവാപെൻഷൻ | 14781000 | 1461 |
| വാർദ്ധക്യകാലപെൻഷൻ | 23068800 | 2336 |
| വികലാംഗപെൻഷൻ | 5165200 | 513 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 246400 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 തീയതിയിൽ 10 A.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 914/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

2) ഓഫീസ് മീറ്റിങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന

പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2022-23 സാമ്പത്തിക വർഷം, 21-4-2022, 29-6-2022, 18-7-2022, 21-8-2022, 27-10-2022, 23-11-2022, 22-12-2022, 17-1-2023, 16-2-2023, 28-3-2023 എന്നീ തീയതികളിൽ ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങിന് വിധേയമാക്കേണ്ടതുമാണ്.

3) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 39 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം-(15 യോഗങ്ങൾ), ക്ഷേമം-(18 യോഗങ്ങൾ) , ആരോഗ്യ വിദ്യാഭ്യസം-(14 യോഗങ്ങൾ) , ധനകാര്യം-(19 യോഗങ്ങൾ) , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

4) ഓഡിറ്റ് മോണിറ്ററിംഗ് സമിതി ആകെ 3 തവണ 20-4-2022, 19-8-2022, 10-10-222) ഓഡിറ്റ് വർഷം യോഗം ചേർന്നിട്ടുണ്ട്.

5) വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6) പ്രൊക്യൂർമെന്റ് കമ്മിറ്റി 5 തവണ യോഗം ചേർന്നിട്ടുണ്ട്. (24-11-2022, 16-12-2022, 27-12-2022, 25-01-2023, 01-03-2023). ഗ്രാമ പഞ്ചായത്തിലെ വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ സക്രിയമാക്കേണ്ടതാണ്.

7) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിംഗ് പ്രക്രിയ കാലികമായും സമയ ബന്ധിതമായും നടത്താത്തതിന്റെ പ്രശ്നങ്ങൾ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്.

9) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർഎന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പൈവളികെ ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിവരിൽ നിന്ന് നിലവിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ

പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.09/22-23 തീയതി 30-11-2023)

1-11 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

വ്യാപാര ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 327 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.18/22-23 തീയതി 01-12-2023)

1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

പൈവളികെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക തുക അടക്കം പിരിച്ചെടുത്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | ഡോർ നം. | മൊബൈൽ ടവറിന്റെ പേര് | കുടിശ്ശിക തുക | 2022-23 വർ ഷം ഒടുക്കേണ്ട തുക | ആകെ തുക |
|---|---|---|---|---|---|---|
| 1. | 2 | 5-354 എ | ദി റിലയൻസ് ടെലികമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 4,615 | 4,200 | 8,815 |
| 2. | 11 | 17-353എ | റിലയൻസ് കമ്മ്യൂണിക്കേഷൻ ആർക്കേഡ് | 15,974 | 14,438 | 30,412 |
| 3. | 13 | 17-497 | റിലയൻസ് ടെലികമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് കൊച്ചി | 9,900 | 3,150 | 13,050 |
| ആകെ തുക | | | | | | 52,277 |

(ഓഡിറ്റ് എൻക്വയറി നം.10/22-23 തീയതി 30-11-2023)

1-13 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം

തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്ററിൽ സംഗ്രഹം എഴുതി പൂർത്തിയാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി

ഒടുക്കുന്ന സ്ഥാപനങ്ങളുടെ വിവരം കാണിക്കുന്ന സ്ഥാപന രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/22-23 തീയതി 30-11-2023)

1-14 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വസ്തുനികുതി

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശയോടെ 22.07.2023 തീയ്യതിയിലെ ഭരണ സമിതി യോഗത്തിൽ 3(1)/ നം. തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം സഞ്ചയ സോഫ്റ്റ്വേയറിൽ ലഭ്യമല്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടില്ല.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് പരിശോധിക്കുകയോ അപേക്ഷയിൽ രേഖപ്പെടുത്തിയ

ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

1-15 ഇ ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇടെണ്ടറിൽ ബിഡ്ഡർമാർ അടക്കുന്ന നിരത ദ്രവ്യം, ബിഡ് സമർപ്പണ ഫീസ് എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിലുള്ള 67262938235 നമ്പർ അക്കൗണ്ടിലാണ് വരവ് വന്നിരുന്നത്. 21.06.2014 മുതൽ ഇത്തരത്തിൽ ഈ അക്കൗണ്ടിൽ തുകകൾ വന്നിരുന്നു. തുടർന്ന് 2019 മുതൽക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം അക്കൗണ്ടുകൾ ആരംഭിച്ച് ഇ ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്ത് തുകകൾ അതിലേക്ക് ക്രഡിറ്റ് ചെയ്തു വരുന്നു.

2014 മുതൽ ഈ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അക്കൗണ്ടിൽ അവശേഷിക്കുകയായിരുന്നു. കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ ഈ അക്കൗണ്ടിലെ തുകകൾ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാധിച്ചിരുന്നില്ല.

ജില്ലാ പഞ്ചായത്ത് നിർദേശിച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അവർക്ക് അർഹതപ്പെട്ട തുകകൾ കണക്കാക്കി ഡിമാന്റ് ചെയ്യാൻ ആവശ്യപ്പെടുകയും അപ്രകാരം അവശ്യപ്പെട്ട സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൈവളികെ ഗ്രാമപഞ്ചായത്തിന് നാളിതുവരേയും തുക ലഭ്യമായിട്ടില്ല.

